**21U324** (Pages: 3) Name: ………………………

Reg. No……………………..

**THIRD SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, NOVEMBER 2022**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL3 A09 - മലയാളസാഹിത്യം - III**

(Malayalam - Common Course)

(2019 Admission onwards)

Time:2 ½ Hours Maximum: 80 Marks

Credit: 4

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം.**

1. നടൻ തന്റെ ജീവിതത്തിലെ പാപബോധത്തിലേക്ക് ചെന്ന് വീഴാനുണ്ടായ സാഹചര്യമെന്ത് ?
2. കാവാലം നാരായണപ്പണിക്കരെഴുതിയ തനതു നാടകങ്ങൾ ഏതെല്ലാം ?
3. തനതുനാടകത്തിന്റെ അനിഷേധ്യഘടകങ്ങളായി വയലാ വാസുദേവൻപിള്ള കണ്ടെത്തുന്ന കലാരൂപങ്ങൾ ഏവ ?
4. "കല്ല് ദേവിയായിക്കഴിഞ്ഞു. അപ്പോൾ ആശാരി തീണ്ടാപ്പാടകലെ" - സൂചിതർത്ഥമെന്ത്?
5. അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായത്തിൽ കലാസൃഷ്ടിയിലുൾപ്പെടുന്ന മൂന്ന് ഘടകങ്ങൾ ഏതെല്ലാം?
6. "വമ്പിച്ച മുതൽ മുടക്ക്, കൂട്ടായ പ്രവർത്തനം, വ്യത്യസ്തമായ വേതനം, സങ്കീർണ്ണമായ നിർമാണമുറ,യന്ത്രവത്കൃത സാദ്ധ്യത - ഇതൊരു വ്യാവസായമാണ് " - ഏത്?
7. നമ്മുടെ ക്ലാസിക്കൽ രംഗാവതരണങ്ങളിൽ ഈ മൂന്നു ഘടകങ്ങളും അവയുടെ സവിശേഷതകളോടെ സ്ഥാനം പിടിച്ചിട്ടുണ്ട്.- ഏതൊക്കെയാണ് ഈ മൂന്നു ഘടകങ്ങൾ ?
8. "തേവരുടെ ചോറും തിരുമേനിമാരുടെ കൂറും നിലനിർത്തേണ്ടവരാണ് അമ്പലവാസികൾ, അവരാവശ്യപ്പെടുന്നത് അനുസരിക്കേണ്ടവരുമാണ്" ഇങ്ങനെ പറഞ്ഞതാര്? സന്ദർഭമേത് ?
9. ആത്മകഥ എന്നാലെന്ത് ?
10. കവിക്ക് തന്റെ ജന്മനാടായ കാഞ്ഞങ്ങാട്ടേക്കുള്ള യാത്രയിൽ ഉണ്ടായ ഗൃഹാതുരമായ ഓർമ്മകൾ എന്തെല്ലാം?
11. റോസി തോമസ് സി ജെയെ ആദ്യമായി കണ്ടത് ഓർത്തെടുക്കുന്നതെങ്ങനെ?
12. "ഞാൻ അന്വേഷിച്ചു ഉടനെ വിവരം അറിയിക്കാം. എന്നെക്കൊണ്ടാവുന്നത് ഞാൻ ചെയ്യാം. മാഷും ഞാനും തമ്മിലുള്ള ബന്ധം അങ്ങനെയല്ലേ?" - ആര് ആരോട് പറയുന്നതാണിത് ?
13. "ബദരീ ആശ്രമത്തിലേക്കു സ്വാഗതം, വരൂ, ആരതി തുടങ്ങി. ബദരീനാഥനെ ദർശിക്കാം " ആരുടെ വാക്കുകൾ? സന്ദർഭമേത് ?

14. ഞാനൊരു ധിക്കാരത്തിന് മുതിരുകയാണ് - ധിക്കാരമെന്ത്?
15. ബദരീനാഥിലേക്കുള്ള യാത്രയ്ക്കിടെയിൽ രാജൻ കാക്കനാടനുണ്ടായ ദുരനുഭവമെന്ത്?

**(Ceiling: 25 Marks)**

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.**

16. ഭാരതവാക്യത്തിലെ *മിത്രം* എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
17. "പൗരസ്ത്യ നാടകവേദി കേവലം ഭാരതീയം മാത്രമല്ല" എന്ന് പറയുന്നതെന്തുകൊണ്ട്?
18. "സംസാരിക്കാൻ തുടങ്ങും മുൻപ്തന്നെ പരുവവും പാകതയും വന്ന ഒരു കലാരൂപമായി ചലച്ചിത്രം വളർന്നു."- വിശദമാക്കുക .
19. "അഗ്നിമീളേ പുരോഹിതം എന്നാരംഭിക്കുന്ന ഋഗ്വേദത്തിലെ ആദ്യസൂക്തം ശരിക്കും ഞാൻ പഠിച്ചത് അന്നാണ് "- സന്ദർഭം വിവരിക്കുക.
20. "അപസ്വരം നെയ്ത ശ്രുതി. താളം തെറ്റിയ പാട്ട് . തനിക്കു താളം തെറ്റി, ഏതു താളം?. സാക്ഷാൽ ആദിതാളം. ആദിതാളം തെറ്റിയ പാട്ട് . അതാണ് നീ , അതാണു നീ". - കവിക്ക് ഇപ്രകാരം തോന്നാനുള്ള കാരണമെന്ത്?
21. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ഉദാഹരണസഹിതം ചർച്ചചെയ്യുക.
22. "മാഷ് ഈ വിവരം എന്തേ നേരത്തെ പറഞ്ഞില്ല. ഞാനറിഞ്ഞിരിന്നുവെങ്കിൽ എല്ലാം നേരത്തെ ശരിയാക്കുമായിരുന്നു.- ആരാണ് ഇപ്രകാരം പറഞ്ഞത്? പറയാനിടയായ സാഹചര്യമെന്ത് ?
23. കേദാർനാഥിനെ കുറിച്ചുള്ള ഐതീഹ്യം രാജൻ കാക്കനാടൻ വിവരിക്കുന്നതെങ്ങനെ ?

**(Ceiling: 35 Marks)**

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോ ചോദ്യത്തിനും 10 മാർക്ക് വീതം.**

24. "അധിനിവേശത്തിനെതിരെയുള്ള ചെറുത്ത്നിൽപാണ് തനതു നാടകം - വിശദമാക്കുക.
25. "പുരാവൃത്തത്തെ വ്യസ്തൃതമായ രീതിയിൽ ആവിഷ്കരിക്കുന്നതിൽ പെരുന്തച്ചൻ എന്ന തിരക്കഥയ്ക്ക് കഴിഞ്ഞിട്ടുണ്ട് " - സമർത്ഥിക്കുക
26. കാവ്യാത്മകമായ ഒരു ഗദ്യരചന എന്ന നിലയിൽ 'പുഷ്പഗോപുരം' എന്ന പാഠഭാഗത്തെ വിലയിരുത്തുക
27. യാത്രാവിവരണം എന്നതിലുപരി ഒരു നാടിന്റെ സാംസ്കാരിക ചരിത്രാന്വേഷണമാണ് ഹിമവാന്റെ മുകൾ തട്ടിൽ എന്ന കൃതി – നിരൂപിക്കുക

**(2 × 10 = 20 Marks)**

*******